ബസ്സുകൾ നിരത്തിലിറക്കിയാൽ മാത്രമേ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കാൻ കഴിയുകയുള്ളൂ. ഓരോ വർഷവും ആയിരം ബസ്സുകൾ വീതം നിരത്തിലിറക്കണമെന്ന് നിശ്ചയിച്ചിരുന്നുവെങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 1226 ബസ്സുകൾ മാത്രമേ ഇറക്കാൻ കഴിഞ്ഞിട്ടുള്ളൂ. കോർപ്പറേഷന്റെ വികസനത്തിനാവശ്യമായ പണം കണ്ടെത്താനുള്ള അന്വേഷണത്തിലാണ്. ഹഡ്കോയും കോ-ഓപ്പറേറ്റീവ് ബാങ്കുകളും പണം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. പ്രവർത്തനത്തിനാവശ്യമായ പണം കണ്ടെത്തുന്നതോടെ പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും സ്പെയർ പാർട്സുകൾ ആവശ്യമുള്ള സമയത്ത് തന്നെ എത്തിക്കാനും കഴിയും. എന്നാൽ മാത്രമേ കാര്യക്ഷമമായി സർവ്വീസ് നടത്താൻ കഴിയുകയുള്ളൂ.

(9) കോന്നി ആനക്കൂടിനോട് അനുബന്ധിച്ച് നിർമ്മിക്കുന്ന ചിൽഡ്രൻസ് പാർക്കിന്റേയും സുവോളജിക്കൽ പാർക്കിന്റേയും പണി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. അടൂർ പ്രകാശ് : സർ, എന്റെ നിയോജക മണ്ഡലത്തിൽ കോന്നി ആനക്കൂടിനോട് അനുബന്ധിച്ച് നിർമ്മിക്കുന്ന ചിൽഡ്രൻസ് പാർക്കിന്റേയും സുവോളജിക്കൽ പാർക്കിന്റേയും പണി ആരംഭിച്ചത് 98-ലാണ്. അതിന്റെ പണി ആരംഭിക്കാൻ വേണ്ടിയുള്ള മീറ്റിംഗ് 23.12.1995-ൽ കൂടിയിരുന്നു. അതിന്റെ പ്രൊസീഡിംഗ്സ് - "A meeting of the Tourism Department as well as Forest Department was convened on 23-12-1995 by the District Collector, Pathanamthitta, which was attended by Shri P.K. Raghavan Nair, IFS, Chief Conservator of Forests/ Conservator Protection and Shri. K.V. Mohanlal, IFS, Additional Director."..... തുടങ്ങിയ ആളുകൾ പങ്കെടുത്തുകൊണ്ട് അതിന്റെ പണികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്ന് തീരുമാനിക്കുകയുണ്ടായി. പക്ഷെ 98-ലാണ് അതിന്റെ പണികൾ ആരംഭിച്ചത്. ഇപ്പോൾ ആ പണി നിർത്തിവച്ചിരിക്കുകയാണ്. അത് നിർത്തിവയ്ക്കാനുള്ള കാരണം പറഞ്ഞിരിക്കുന്നത് വനംവകുപ്പിന്റെ അനുമതി ലഭ്യമാക്കണമെന്ന നിബന്ധന പറഞ്ഞുകൊണ്ടാണ്. അതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിൽ തന്നെ കലഞ്ഞൂർ പഞ്ചായത്തിലെ പോത്തുപ്പാറ പ്രദേശത്തും അതുപോലെ അരുവാപ്പുലം പഞ്ചായത്തിലെ കൊക്കത്തോട് പ്രദേശത്തും വൈദ്യുതി എത്തിക്കാൻ വേണ്ടിയുള്ള നടപടികൾ 93 മുതൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെയും അത് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പല നിയമങ്ങളുടെയും നൂലാമാലകളിൽ കുടുങ്ങി പണികൾ ആരംഭിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്. എത്രയും പെട്ടെന്ന് അതിന്റെ പണികൾ പൂർത്തിയാക്കാനും ആ പ്രദേശത്ത് വികസനപരമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഈ തടസ്സങ്ങൾ മാറ്റിക്കിട്ടണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിത ദാസൻ നാടാർ) : സർ, പത്തനംതിട്ട ജില്ലയിലെ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഒരു പാർക്ക് കോന്നി ആനക്കൂട്, കോന്നി ടിംബർ ഡിപ്പോ എന്നിവയുടെ കോമ്പൗണ്ടിൽ നിർമ്മിക്കാൻ പത്തനംതിട്ട ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഒരു ചിൽഡ്രൻസ് പാർക്ക് നിർമ്മാണം ഇതിൽ ഉൾപ്പെടുന്നു. സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണത്തിനുള്ള നിർദ്ദേശം നിലവിലില്ല. വനഭൂമി വനേതര ആവശ്യത്തിന് ഉപയോഗിക്കുന്നതിന് 1980-ലെ വനസംരക്ഷണ നിയമം സെക്ഷൻ 2 പ്രകാരമുള്ള കേന്ദ്രാനുമതി ആവശ്യമാണ്. ഇതിനായി പെർഫോമയും മറ്റ് വിശദവിവരങ്ങളും സമർപ്പിക്കുന്നതിന് കോന്നി ഡിവിഷണൽ

LIBRARY ARCHIVES Kerala Legislative Assembly

ഫോറസ്റ്റ് ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അരുവാപുലം പഞ്ചായത്തിലെ കൊക്കത്തോട് എന്ന സ്ഥലം റിസർവ് വനങ്ങൾക്ക് ഉള്ളിലെ ഫുഡ് പ്രൊഡക്ഷൻ ഏരിയ, കയ്യേറ്റഭൂമി എന്നിവ ഉൾപ്പെടുന്ന പ്രദേശമാണ്. ഇവിടേക്ക് എത്താനുള്ള വഴി റിസർവ് വനത്തിൽക്കൂടിയുള്ള റോഡാണ്. ഈ സ്ഥലത്തേക്ക് വൈദ്യുതി ലൈൻ വലിക്കുന്നതു സംബന്ധിച്ച് യാതൊരു നിർദ്ദേശവും ഇതുവരെ വൈദ്യുതി ബോർഡിൽനിന്നും ലഭിച്ചിട്ടില്ല. മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങൾക്കും പ്രൊപ്പോസൽ ലഭിച്ചാൽ ഉടൻ കേന്ദ്രാനുമതിക്കായി സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. കലഞ്ഞൂർ പഞ്ചായത്തിലെ പോത്തുപ്പാറ ഗിരിജൻ കോളനി വൈദ്യുതീകരിക്കുന്നതിനുള്ള 11 കെ.വി. ലൈൻ കുളത്തുമൺ എസ്.എൻ.ഡി.പി. ജംഗ്ഷനിൽനിന്നും 1965 തേക്ക് പ്ലാന്റേഷനിലുള്ള കൂപ്പ് റോഡിൽക്കൂടിയാണ് കടന്നുപോകേണ്ടത്. 4320 സ്കയർ മീറ്റർ വനഭൂമിയാണ് ഇതിനു വേണ്ടിവരുന്നത്. ഇക്കാര്യത്തിന് പ്രൊഫോമാ വനം വകുപ്പിന്റെ ആസ്ഥാനത്ത് 23.7.1997-ന് ലഭിച്ചിരുന്നു. എന്നാൽ ഇതിലെ വിവരങ്ങൾ കേന്ദ്രമാർഗ്ഗ നിർദ്ദേശമനുസരിച്ച് പൂർണ്ണമായിരുന്നില്ല. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ചുള്ള ഒന്നിന് 50,000 സ്കെയിലിലുള്ള സ്കെച്ചായിരുന്നു കെ.എസ്.ഇ.ബി. നൽകിയിരുന്നത്. പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും വൈദ്യുതി ബോർഡിൽനിന്നും ആവശ്യമായ സ്കെച്ച് ലഭിച്ചിട്ടില്ല. പ്രസ്തുത സ്കെച്ച് ലഭിച്ചാൽ കേന്ദ്രാനുമതിക്കുള്ള സത്വരമായിട്ടുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ നഴ്സുമാരുടെ കുറവ്

ശ്രീ. എളമരം കരീം : സർ, ഉത്തര കേരളത്തിലെ ജനങ്ങൾക്ക് വിദഗ്ദ്ധ ചികിത്സയ്ക്ക് ആശ്രയിക്കാവുന്ന ഏക സ്ഥാപനമാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി. പ്രസ്തുത ആശുപത്രിയിലെ നഴ്സിംഗ് വിഭാഗത്തിലെ ചില പ്രശ്നങ്ങളാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഏറ്റവും പ്രധാനപ്പെട്ട സ്പെഷ്യാലിറ്റികൾ, സൂപ്പർ സ്പെഷ്യലിറ്റികൾ ഉൾക്കൊള്ളുന്ന എൻ.എം.സി.എച്ചിൽ 1467 കിടക്കകളാണുള്ളത്. എന്നാൽ ഇൻപേഷ്യന്റ് തന്നെ 1800 മുതൽ 2000 വരെ വരും. ഓരോ ദിവസവും ഔട്ട് പേഷ്യന്റ്സ് ആയിരം മുതൽ 1500 വരെ വരും. കിടക്കകളുടെ അനുപാതം അനുസരിച്ച് മൂന്ന് ഷിഫ്റ്റിൽ 6 ബെഡിന് ഒന്ന് എന്ന തോതിലാണ് നഴ്സുമാരെ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഇതിനുപുറമേ പ്രവർത്തിക്കുന്ന സ്പെഷ്യൽ യൂണിറ്റുകൾ, ഔട്ട്പേഷ്യന്റ്സ് വിഭാഗം, സെന്റർ ഓഫ് സ്റ്റെറിലൈസേഷൻ റൂം, ഓപ്പറേഷൻ തിയേറ്റർ, ഇന്റൻസീവ് കെയർ യൂണിറ്റ് തുടങ്ങിയ വിഭാഗങ്ങളിലേക്ക് പ്രത്യേകമായി നഴ്സുമാരെ നിയമിച്ചിട്ടില്ല. ഇവിടങ്ങളിലെല്ലാം ആവശ്യമായ സേവനത്തിന് ജനറൽ പൂളിൽനിന്നും നഴ്സുമാരെ നിയോഗിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ വരുമ്പോൾ ഓരോ വാർഡുകളിലും ബെഡ്ഡിന്റെ അടിയിൽപോലും രോഗികളെ കിടത്തി ചികിത്സിക്കേണ്ടിവരുന്നു. രോഗികളെ തക്കസമയത്ത് പരിചരിക്കുന്നതിനോ, അറ്റന്റ് ചെയ്യുന്നതിനോ കഴിയാത്തതുമൂലം രോഗികൾക്ക് അർഹമായ ചികിത്സ ലഭിക്കുന്നില്ല. അതുപോലെ ഐ.എം.സി.എച്ചിൽ 740 കിടക്കകളാണുള്ളതെങ്കിലും 1200-ൽപ്പരം രോഗികളെയാണ് അവിടെ കിടത്തി ചികിത്സിക്കേണ്ടിവരുന്നത്. ഏഷ്യയിലെ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്ന ആശുപത്രിയാണ്. അവിടേയും ആവശ്യത്തിന് നഴ്സുമാർ ഇല്ലാത്തതുകൊണ്ട് പലപ്പോഴും രോഗികളുടെ രോഷപ്രകടത്തിനും ആക്രമണത്തിനും ജീവനക്കാർ വിധേയരാകുന്ന അവസ്ഥയുണ്ട്. അതുകൊണ്ട് നഴ്സുമാർക്ക് സുരക്ഷിതമായി ജോലി ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly